ലാബ്രട്ടറിക്കു ആവശ്യമായ എക്യൂപ്പ്മെന്റ്സുണ്ട്. പക്ഷെ അതു ഉപയോഗപ്പെടുത്താനുള്ള സംവിധാനവും സ്ഥലസൗകര്യങ്ങളും ഉണ്ടായിട്ടില്ല. എത്തായാലും ഉടനെതന്നെ അതിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയാകും. യൂണിവേഴ്സിറ്റി കമ്മീഷൻ വരുമ്പോഴേ അവർക്കു അനുവാദം തരുന്നതിനു ആവശ്യമായ നിലയിലുള്ള സാഹചര്യങ്ങളുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. ഇ. പത്മനാഭൻ : സർ, ആശുപത്രി ഉണ്ടാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ആശുപത്രി തൽക്കാലം ഇല്ല. കോട്ടയ്ക്കൽ ആശുപത്രി വളരെ വിപുലമായ തോതിൽ നടക്കുന്ന ഒരു ആശുപത്രിയാണ്. പണത്തിന്റെ ലഭ്യതയനുസരിച്ചുവിടെ ആശുപത്രിയുടെ പണി ആരംഭിക്കുന്നതായിരിക്കും.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

(2). ശ്രീ. തോമസ് കല്ലംപള്ളിയുടെ—എരുമേലി-ചാലക്കയം റോഡ്.

ശ്രീ. തോമസ് കല്ലംപള്ളി : സർ, സെൻട്രൽ റോഡു ഫണ്ടിൽനിന്നും 50 ലക്ഷം രൂപ 1979-ൽ അനുവദിച്ച ഒരു റോഡാണ് എരുമേലി-ചാലക്കയം റോഡ്. മാറി മാറി വന്ന ഗവൺമെന്റുകൾക്കു ഇതിൽ നിന്നും 50 പൈസ പോലും വാങ്ങാനോ ചെലവു ചെയ്യാനോ കഴിഞ്ഞിട്ടില്ല. ഒരു ദേശീയ നഷ്ടം ഇക്കാര്യത്തിലുണ്ടാക്കുകയാണ്. കാരണം ഗവൺമെന്റിന്റെ കണക്കനുസരിച്ച് ഏതാണ്ട് 25 ലക്ഷം തീർത്ഥാടകർ ഒരു വർഷം എരുമേലിയിൽ വരുന്നുണ്ട്. ഈ 25 ലക്ഷം തീർത്ഥാടകർ റാന്നി വഴിയാണ് ശബരിമലയിലേക്കു പോകുന്നത്. 75 കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് ഈ തീർത്ഥാടകർ ആ വഴി പോകുന്നത്. ഇങ്ങനെ പോകുന്നതുകൊണ്ട് ഗവൺമെന്റിനു വളരെ കൂടുതൽ ഇന്ധന നഷ്ടം തന്നെയുണ്ടാകുന്നുണ്ട്. കാരണം എരുമേലി ചാലക്കയം റോഡിന്റെ പണി തീർന്നു കഴിഞ്ഞാൽ 33 കിലോമീറ്റർ യാത്ര ചെയ്താൽ ഈ തീർത്ഥാടകർക്ക് ശബരിമലയിലെത്താം. അതുകൊണ്ട് എരുമേലി-ചാലക്കയം റോഡിന്റെ പണിയും പമ്പാവാലിയുടെ പാലവും അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ കെ. അവുക്കാദർക്കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 50 ലക്ഷം രൂപ കേന്ദ്ര സർക്കാർ സെൻട്രൽ റോഡ് ഫണ്ടിൽനിന്നും തരാമെന്നു സമ്മതിച്ചിട്ടില്ല. 1983-ൽ എരുമേലി-ചാലക്കയം റോഡിനു 25 ലക്ഷം രൂപ സി. ആർ. ഫണ്ടിൽ നിന്നും അനുവദിച്ചു. ബാക്കി വരുന്ന തുക, സ്റ്റേറ്റ് ഗവൺമെന്റ് എടുക്കണമെന്നാണ് നിബന്ധന. ഏകദേശം ഒരു കോടിയോളം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്കു അംഗീകാരം നൽകിയിട്ടുണ്ട്. അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് 114.93 ലക്ഷം രൂപക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. എൻ.എച്ച്. ചീഫ് എഞ്ചിനീയർ ഘട്ടം ഘട്ടമായി സാങ്കേതിക അനുമതിയും നൽകി. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ആദ്യഘട്ടത്തിൽ 3150 മീറ്റർ ദൂരം പമ്പാ നദിക്കു കുറുകെയുള്ള പാലവും നാറാണൻ തോടു പാലവും ഒഴികെയുള്ള ജോലിക്ക് 32.54 ലക്ഷം രൂപയ്ക്ക് അനുമതി നൽകി കഴിഞ്ഞു. അതിന്റെ പ്രവർത്തനം നടന്നു കൊണ്ടിരിക്കയാണ്. അതു തീരുന്ന മുറയ്ക്ക് ബാക്കിയുള്ള പ്രവർത്തനം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly